## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1530** **05/02/2019- ൽ മറുപടിയ്ക്ക്**

### മാരക കീടനാശിനി പ്രയോഗം നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിരോധിത കീടനാശിനികളായ എൻഡോസൾഫാൻ, ഫ്യൂറിഡാൻ തുടങ്ങിയ മാരക കീടനാശിനികൾ വ്യാപകമായി കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഒറ്റപ്പെട്ട ഇടങ്ങളിൽ നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിലെ വില്പനശാലകളിൽ നിരോധിത കീടനാശിനികൾ വിൽക്കുന്നില്ല. |
| (ബി) നിരോധിത കീടനാശിനികൾ സംസ്ഥാനത്തിന് പുറത്ത് നിന്നും നിർലോഭം കൊണ്ടു വന്നിട്ടും അത് കണ്ടുപിടിച്ച് നടപടി സ്വീകരിക്കുവാൻ അധികൃതർക്ക് കഴിയാത്തത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ; | (ബി) നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുവാൻ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരമുള്ള ശക്തമായ നടപടികളാണ് കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നത്.<br>കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ചയിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വില്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതികൾക്കും, കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും സഹായകമായിട്ടുണ്ട്.<br>എന്നാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി കീടനാശിനികൾ കർഷകർക്ക് നേരിട്ട് എത്തിക്കുന്നത് പൂർണ്ണമായി തടയുവാൻ സാധിച്ചിട്ടില്ല. |

(.....2)

ഇതിനായി അതിർത്തി ജില്ലകളിൽ പ്രത്യേക ജാഗ്രത പുലർത്തുവാൻ ജില്ലാ വിജിലൻസ് കമ്മിറ്റിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനു പുറമേ, ജില്ലാഭരണകൂടത്തിന്റെ സഹായത്തോടെ, പോലീസ്, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ്, ചെക്ക് പോസ്റ്റുകളിലും മറ്റും പരിശോധന നടത്തിവരുന്നു. നിരോധിത കീടനാശിനികളുടെ അനധികൃത വില്പന തടയുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷിഭവൻ തലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

വില്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടുവരികയോ സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനൊപ്പം, നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്ന പക്ഷം, കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുമെന്ന് കാട്ടി കർഷകർക്ക് നോട്ടീസ് നല്കുന്നതിനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്.

ചട്ടപ്രകാരമുള്ള നടപടികൾക്കൊപ്പം, നിരോധിത കീടനാശിനികൾക്കെതിരെ പൊതുഅവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ-ശ്രവ്യ പത്ര മാധ്യമങ്ങളിലൂടെ തുടർച്ചയായി പ്രചാര പ്രവർത്തനങ്ങളും നടത്തിവരുന്നു.

സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ ഉപയോഗം ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുന്നതിന് മേൽ നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (സി) 2022-നുള്ളിൽ സംസ്ഥാനത്തെ ജൈവ സംസ്ഥാനമാക്കുന്നതിനുള്ള എന്തൊക്കെ തയ്യാറെടുപ്പുകളാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) സംസ്ഥാനത്തെ ജൈവ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 2010 വർഷത്തിൽ ജൈവ കാർഷിക നയം പ്രഖ്യാപിക്കുകയുണ്ടായി. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള ജൈവ കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടം, ഘട്ടമായി ജൈവ കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മണ്ണ്, ജല സംരക്ഷണ ഉപാധികൾ ഉറപ്പു വരുത്തുക വഴി പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര കൃഷിക്കുമായി മിശ്രിത കൃഷി രീതി പ്രോത്സാഹിപ്പിക്കുകയുണ്ടായി. അങ്ങനെ കാർഷിക മേഖലയിലെ ജൈവ വൈവിധ്യം സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് പരിപാടികൾ നടപ്പിലാക്കി വരുന്നു.<br><br>നിലവിൽ ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് |

പഴം, പച്ചക്കറി കൃഷി 25195 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കാർഷിക പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഹെക്ടറിന് 3000 രൂപ ധനസഹായം കർഷകർക്ക് നൽകുന്നു. ഈ വർഷം 6275 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്.

കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാട്ടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ച് കൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിൽ ജൈവ നെൽകൃഷി നടപ്പിലാക്കി വരുന്നു.

കൂടാതെ കേന്ദ്രാ വിഷ്കൃത പദ്ധതിയായ PKVY ലും 619 ക്ലസ്റ്ററുകൾ 12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ഈ സാമ്പത്തിക വർഷം (2018-19) പുതുതായി 110 ക്ലസ്റ്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജൈവ ഗ്രാമങ്ങൾ രൂപീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്തുന്നു.

കൃഷിക്കാർക്ക് ഗുണനിലവാരമുള്ള ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ജൈവകൃഷിക്കാവശ്യമായ സാഹചര്യങ്ങളും സാമഗ്രികളും ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 1622 റ്റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. കൂടാതെ PKVY പദ്ധതിയിൽ 5473 മണ്ണിര കംമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു. PKVY പദ്ധതിയിൽ പഞ്ചഗവ്യം, ജീവാമൃതം മറ്റ് ജൈവ കീടനാശിനികൾ, ജൈവവളങ്ങൾ എന്നിവ കൃഷിയിടത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള ധനസഹായവും സാമഗ്രികളും കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൽ ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി വ്യത്യസ്തമായ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുകയും, ജൈവ കർഷകർക്ക് സഹായകമായ രീതിയിൽ ലളിതമായ ജൈവ സർട്ടിഫിക്കേഷനു രൂപം നൽകുക എന്നിവ വഴി ജൈവ കൃഷിക്ക് പ്രോത്സാഹനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനും കർഷകർക്ക് ജൈവ ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിനുമായി 214 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം

(....4)

രൂപയാണ് ധനസഹായം നൽകുന്നത്. ഈ വർഷം പുതുതായി 33 ഇക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുന്നതാണ്. കൂടാതെ ക്ലസ്റ്ററുകളുടെ ഉല്പന്നങ്ങൾ നഗര പ്രദേശങ്ങളിൽ വിപണനം നടത്തുന്നതിന് ഡയറക്ട് മാർക്കറ്റിംഗ് സംവിധാനത്തിനായി 30 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലളിതമായ രീതിയിലുള്ള GAP സർട്ടിഫിക്കേഷൻ രീതിയിലൂടെ 7500-ഓളം സർട്ടിഫിക്കറ്റുകൾ കഴിഞ്ഞ വർഷങ്ങളിൽ കർഷകർക്ക് നൽകുകയുണ്ടായി. കൂടാതെ GAP മാനദണ്ഡങ്ങൾ പിൻതുടരുന്ന GAP സെന്ററുകളിൽ നിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ് ലേബലിംഗ് എന്നിവ നടത്തി വിൽക്കുന്നു. ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വില്പന നടത്തുന്നു. വിൽപ്പനയ്ക്ക് മുമ്പായി ഉൽപ്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി 'കേരള ഓർഗാനിക്' ബ്രാന്റിൽ ലേബൽ ചെയ്ത് വിപണനം നടത്തുന്നു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ ബോധവൽക്കരിക്കുന്നതിനും കർഷകർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി ബ്ലോക്ക് തലത്തിൽ ഫാം സ്കൂളുകൾ പ്രവർത്തിക്കുന്നു.

| | |
|---|---|
| (ഡി) നിരോധിത കീടനാശിനി വില്ക്കുന്ന സ്ഥാപനങ്ങൾക്കും അമിത കീടനാശിനി പ്രയോഗം നടത്തുന്നവർക്കുമെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുമോ? | (ഡി) നിരോധിത കീടനാശിനി വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാര നിയമനടപടികൾ സ്വീകരിക്കും. കീടനാശിനികൾ കൃത്യമായ അളവിൽ കൃഷി ഓഫീസറുടെ ശുപാർശയോടെ വാങ്ങി ഉപയോഗിക്കുവാൻ വേണ്ട നിർദേശം നൽകിയിട്ടുണ്ട്. നിരോധിത കീടനാശിനികൾ വിൽപ്പന നടത്തുന്ന ഷോപ്പുകൾ അടച്ചുപൂട്ടി ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. |

**സെക്ഷൻ ഓഫീസർ**